പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6216 — 10.7.2012-ൽ മറുപടിക്ക്

ഗ്രാമപഞ്ചായത്തുകളിലെ ഖരമാലിന്യ സംസ്ക്കരണത്തിന് പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ജി.എസ്. ജയലാൽ | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| എ) ഗ്രാമപഞ്ചായത്തുകളിൽ ഖരമാലിന്യം നീക്കം ചെയ്യുന്നതും സംസ്കരിക്കുന്നതുമായി ബന്ധപ്പെട്ട പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) എങ്കിൽ സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ ഖരമാലിന്യ സംസ്ക്കരണവുമായി ബന്ധപ്പെട്ട് പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കുന്നകാര്യം പരിഗണനയിലുണ്ടോ; വിശദാംശം അറിയിക്കുമോ ; | ബി) ഉണ്ട്. പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കാൻ മുന്നോട്ട് വരുന്ന ഗ്രാമ പഞ്ചായത്തുകൾക്ക് വികേന്ദ്രീകരണ ഖരമാലിന്യ സംസ്കരണത്തിനായി കേന്ദ്ര ഗവൺമെന്റിൽ നിന്നും സമ്പൂർണ്ണ ശുചിത്വ യജ്ഞത്തിൽ നിന്നും ലഭിച്ച തുക ഉപയോഗിച്ച് സാമ്പത്തിക സഹായം ലഭ്യമാക്കി വരുന്നു. |
| സി) കേന്ദ്ര സർക്കാർ ഫണ്ടുകൾ പ്രസ്തുത ആവശ്യത്തിലേയ്ക്ക് ലഭിച്ചിട്ടുണ്ടോ; നൂതന പദ്ധതികൾ തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ച് ഫണ്ട് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ? | സി) മേൽപറഞ്ഞ ഫണ്ടിന് പുറമേ സമ്പൂർണ്ണ ശുചിത്വ യജ്ഞത്തിന്റെ ഭാഗമായി ഗ്രാമ പഞ്ചായത്ത് ഒന്നിന് പരമാവധി 20 ലക്ഷം രൂപ ലഭ്യമാക്കാൻ സാദ്ധ്യതയുണ്ട്. അതിനായുള്ള പദ്ധതി ശുചിത്വഗ്രാമം ഹരിതഗ്രാമം ലക്ഷ്യമാക്കി തയ്യാറാക്കി ഈ മാസം തന്നെ കേന്ദ്രസർക്കാരിന് സമർപ്പിക്കും. |

സെക്ഷൻ ഓഫീസർ